# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 670

06.02.2013ൽ
മറുപടിക്ക്

## എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | **എ)** . എമർജിംഗ് കേരളയിൽ ലഭിച്ച പദ്ധതികളുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷം വിശദമായ പരിശോധനകൾക്കും തുടർനടപടികൾക്കും അതത് വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ വരുന്ന പദ്ധതികളുടെ തുടർ നടപടികൾ കെ.എസ്.ഐ.ഡിസി, കിൻഫ്ര, ജില്ലാ വ്യവസായകേന്ദ്രം എന്നിവ വഴി നടത്തിവരികയാണ്. ബന്ധപ്പെട്ട കമ്പനികളുടെ പ്രൊമോട്ടർമാർ വഴി ചർച്ചകൾ നടത്തുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡ്രോയിങ്ങ്സ് എന്നിവ ശേഖരിച്ചു വരികയുമാണ്. ഈ പദ്ധതികളുടെ ഡി.പി.ആർ പരിസ്ഥിതി ആഘാത പഠനം മുതലായവ പൂർത്തിയാവുന്ന മുറയ്ക്ക് അതിൻമേൽ അന്തിമ തീരുമാനം എടുക്കുന്നതാണ്. |
| (ബി) ഇതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) പ്രസ്തുത സമിതിയുടെ ഘടനയും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ? | **ബി) & സി)**<br>എമർജിംഗ് കേരളയിലൂടെ വരുന്ന പദ്ധതികളുടെ തുടർ നടപടികളിലേയ്ക്കായി 24.09.2012 ലെ സ.ഉ(സാധ)നം.1412/2012 /വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതികളുടെ സാദ്ധ്യത പാരിസ്ഥിതിക ആഘാതം തുടങ്ങി വിവിധ കാര്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനിക്കുന്നതിനുമായി താഴെ |

പറയുന്ന പ്രത്യേക സമിതികൾ രൂപികരിച്ചിട്ടുണ്ട്

1) ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ

എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാകുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ടതാണ് ഈ കൗൺസിൽ.

2. ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയും KSIDC മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നത് ഈ ബോർഡിന്റെ ചുമതലയിലായിരിക്കും.

സെക്ഷൻ ഓഫീസർ